2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്യുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽ തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്യുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുമുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ട്രെയിനുകൾ സ്ഥിരമായി വൈകാറില്ല എന്നും സാങ്കേതിക തടസ്സങ്ങൾ കാരണം വരുമ്പോൾ വൈകാറുണ്ടെന്നും റെയിൽവേയിൽ നിന്നും അറിഞ്ഞിട്ടുണ്ട്. ആലപ്പുഴ വഴി ഓടുന്ന ട്രെയിനുകൾ കൃത്യസമയം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേ ബോർഡ് ചെയർമാനോട് മുന്പ് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ ഇക്കാര്യം വീണ്ടും റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

മറ്റൂർ-ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം

61 (3215) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരി റെയിൽവേയുടെ കാലടി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ - ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ശബരി റെയിൽവേയുടെ കാലടി റെയിൽവേ സ്റ്റേഷന്റെ പ്ലാറ്റ്ഫോം നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റൂർ-ചെങ്ങൽ ബൈപ്പാസ് റോഡ് അടയ്ക്കുന്നത് സംബന്ധിച്ച് തർക്കം പരിഹരിക്കുന്നതിന്റെ ഭാഗമായി ശ്രീ. അൻവർ സാദത്ത് എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിലും, എറണാകുളം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലും 19.05.2014-ന് ആലുവ ഗസ്റ്റ് ഹൗസിൽ വച്ച് ടി പ്രശ്നം ഉൾപ്പെടെ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു യോഗം നടത്തിയിട്ടുള്ളതും, എന്നാൽ മറ്റൂർ-ചെങ്ങൽ റോഡ് അടയ്ക്കുന്നത് സംബന്ധിച്ച തർക്കം പരിഹരിക്കപ്പെട്ടിട്ടില്ലാത്തതുമാണ്.

റെയിൽവേ വികസനം

62 (3216) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റെയിൽവേ വികസനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്; ഇവ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

ഉത്തരം

മുഖ്യമായും പാതയിരട്ടിപ്പിക്കലും, വൈദ്യുതീകരണവും, ഗേജ് മാറ്റവും, അങ്കമാലി-ശബരി റെയിൽപ്പാത, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി, പ്രത്യേക റെയിൽവേ സോൺ തുടങ്ങിയവയാണ് സംസ്ഥാനത്ത് പ്രഖ്യാപിച്ചിട്ടുള്ളതും ഇനിയും പൂർത്തീകരിക്കപ്പെടാനുള്ളതുമായ റെയിൽവേ പദ്ധതികൾ. ആവശ്യത്തിന് ഫണ്ട് റെയിൽവേയിൽ നിന്നും കൃത്യമായി ലഭ്യമാകാത്തതിനാലും സ്ഥലമേറ്റെടുത്ത് റെയിൽവേക്ക് നല്കുന്നതിനുണ്ടായ തടസ്സങ്ങളും കാരണമാണ് പാതയിരട്ടിപ്പിക്കൽ, ഗേജ് മാറ്റം തുടങ്ങിയ പണികൾ പൂർത്തിയാകാത്തതെന്ന് വിലയിരുത്തുകയും ഈ പണികൾക്ക് കൃത്യമായി ആവശ്യമായ തുകകൾ ലഭ്യമാക്കി റെയിൽവേ പണികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് സംസ്ഥാന സർക്കാർ പല പ്രാവശ്യം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമഗ്രമായ റെയിൽവേ വികസനത്തിന് ആവശ്യമായ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കേണ്ടതു റെയിൽവേയാണ്. അതിനായി സംസ്ഥാന സർക്കാർ നിരന്തരമായി കേന്ദ്ര റെയിൽവേ മന്ത്രാലയത്തിലും റെയിൽവേയുടെ എല്ലാ തലങ്ങളിലും സമ്മർദ്ദം ചെലുത്തുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly